LIBRARY ARCHIVES Kerala Legislative Assembly

യുവജനോത്സവ മാനുവൽ പരിഷ്കരണം

12 [*51] ശ്രീ. ജി. കാർത്തികേയൻ:
,, വി. ഡി. സതീശൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, എ. കെ. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ യുവജനോത്സവ മാനുവൽ പരിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്;

(ബി) ഈ മാറ്റങ്ങൾ യുവജനോത്സവത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കുണ്ടാകുന്ന ചെലവും യുവജനോത്സവം നടത്തുന്നതിന് വേണ്ടിവരുന്ന ചെലവും കുറയ്ക്കാൻ സഹായകമാകുമോ; എങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഉണ്ട്. [മാറ്റങ്ങൾ വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച സർക്കുലർ (നമ്പർ 72/14739/2005 തീയതി 19-10-2005 അനുബന്ധമായി ചേർത്തിട്ടുണ്ട്.)]†

(ബി) സഹായകമാകും. നൃത്ത ഇനങ്ങൾക്ക് പിന്നണിയായി കാസറ്റ്/സി.ഡി. മാത്രമാക്കിയതും ഒരു കുട്ടിക്ക് പങ്കെടുക്കാവുന്ന ഇനം 8-ൽ നിന്നും 5 ആയി കുറച്ചതിനാലും ഇക്കാര്യത്തിലുണ്ടാവുന്ന ചെലവിൽ ഗണ്യമായ കുറവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഉച്ചക്കഞ്ഞി, മുട്ട എന്നിവ നൽകുന്ന പരിപാടി ഹൈസ്ക്കൂൾ തലത്തിൽ കൂടി വ്യാപിപ്പിക്കാൻ നടപടി

13 [*52] ശ്രീ. മത്തായി ചാക്കോ:
,, സാജു പോൾ:
,, കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചക്കഞ്ഞിയും മുട്ടയും നൽകുന്ന പരിപാടി ഹൈസ്ക്കൂൾ തലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രൈമറി സ്കൂളുകളിൽ ഇപ്പോൾ കുട്ടികൾക്ക് മുട്ട നൽകുന്ന പരിപാടി നിലവിലുണ്ടോ; ഉണ്ടെങ്കിൽ സ്കൂളുകൾക്ക് മുട്ട നൽകുന്നതിനുള്ള ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്;

(സി) മുട്ടയുടെ വിലയായി സർക്കാർ നൽകുന്ന തുക കുറവായതിനാൽ മുട്ട വിതരണം സ്കൂളുകളിൽ നിലച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിതരണം പുനഃസ്ഥാപിക്കുന്നതിന് എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) മുട്ടയ്ക്ക് പകരം തേൻ നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.